
കെ. ഷെരീഫ്



# ഉച്ചക്കാറ്റിലെ മെലിഞ്ഞു നീണ്ടവഴികൾ

സൈക്കിളിനെക്കുറിച്ചുള്ള വിചാരങ്ങളിൽ പൊടിപറക്കുന്ന വേനൽ മാസങ്ങളിലെ ചരൾ നിറഞ്ഞ ചെമ്മൺ വഴികളാണ് ആദ്യം ഓർമ്മയിൽ വെളിപ്പെടുക.

കുന്നിൻ മുകളിലേക്കും ചെരിവിലേക്കും നീളുന്ന കടുകടുത്ത കുംഭമാസ വഴികളിലൂടെ പുഴയോടൊപ്പം പുഴയുടെ ഉറവുവരെ നീളുന്ന നിഴലു പരന്ന വഴികളിലൂടെ, കല്ലു കൊണ്ടുപോകുന്ന മഞ്ഞ ലോറിക്കു പിന്നാലെ ഉയരുന്ന മൺപൊടിയിലൂടെ കിറുകിറുങ്ങനെ മണിയടിച്ച് കിട്ടേട്ടന്റെ വാടക സൈക്കിളിൽ പറന്നു വരുന്ന ചെറുപ്പകാലം........

സൈക്കിള് കിട്ടേട്ടൻ

കിട്ടേട്ടൻ സൈക്കിളുകളുടെ പടച്ചോനാണ്. ഈ ഭൂമി ലോകത്തിലെ എല്ലാ സൈക്കിളുകളും കിട്ടേട്ടന്റെ കറുത്തിരുണ്ട ഗ്രീസു മണക്കുന്ന പീടികക്കുള്ളിൽ നിന്നായിരിക്കും പുറപ്പെട്ടു വരുന്നതെന്ന് കുട്ടികൾക്കിടയിൽ ഒരു മിത്ത് നിലനിന്നിരുന്നു.

ടയറും, ട്യൂബും, വില്ലും പൂവും ഇരുമ്പുഗോളങ്ങളും നിറഞ്ഞ പീടികക്കുള്ളിൽ തടിച്ച് വയറ് കൂടിയ രൂപത്തിലിരുന്ന് ഓട്ട വന്ന ട്യൂബുകൾക്ക് പേച്ചടക്കുന്ന (ുമരേവ ീൃസ ) കിട്ടേട്ടൻ നാട്ടുകുട്ടികളുടെ മദ്ധ്യവേനൽ ആഗ്രഹങ്ങളുടെ മൂർത്തിരൂപമാണ്

സൈക്കിൾ എന്നത് ആ സമയങ്ങളിൽ അതിഭാവുകത്വങ്ങൾ നിറഞ്ഞ എന്നാൽ ആഢംബരമില്ലാത്ത ഒരു സ്വപ്നരൂപം തന്നെയാണ്.

നടന്നു പോകുമ്പോഴോ, കാറിലോ, ജീപ്പിലോ, ബസ്സിലോ, തീവണ്ടിയിലോ, വിമാനത്തിലോ പോകുമ്പോഴോ ഉള്ള വഴികളല്ല സൈക്കിളിൽ പോകുമ്പോഴുള്ള വഴികൾ.

കിട്ടേട്ടന്റെ പീടികയിൽ 3 തരം സൈക്കിളുകളുണ്ടാകും. പഠിച്ചു തുടങ്ങുന്ന കുട്ടികൾക്ക് കാൽ സൈക്കിളാണ് കൊടുക്കുക (ൂൗമൃലേൃ ര്യരഹല) കുറച്ചു പുരോഗമിച്ചാൽ അര സൈക്കിളിൽ കയറാം കാലുകൾക്ക് നീളം വെക്കുന്ന കൗമാരക്കാലത്തിന്റെയവസാനമായാൽ പിന്നെ ഒത്ത സൈക്കിളായ 'ഒരു സൈക്കിൾ' എടുക്കാം (എൗഹഹ ര്യരഹല ).

'ഒരു സൈക്കി'ളിന് അധികവും കരിമ്പച്ച നിറമായിരിക്കും. ടയറിന്റെ വില്ലുകൾക്കിടയിൽ ചുവപ്പും പച്ചയും മഞ്ഞയും പിടയ്ക്കുന്ന കണ്ണികൊണ്ടുള്ള സൈക്കിൾ



ആ കുട്ടികളൊക്കെ

പല വണ്ടികളിലേക്ക്

മാറിക്കയറി

പുക പരത്തിക്കുതിച്ചു പോയി.

കിട്ടേട്ടൻ ഇപ്പോഴും

അവിടെത്തന്നെയിരുന്ന്

ഓടി–വാടിയ ടയറുകൾ കാറ്റടിച്ച്

തുടുപ്പിക്കുന്നു.

മണിയാത്ത മണികൾ

നേരെയാക്കുന്നു.

റബറും വെയിലും ചേർന്നു

മണക്കുന്ന

മധ്യവേനലവധിക്കാലത്തിന്റെ

കുട്ടിയോർമ്മകളുടെ

ആൾ സൂചനയാണയാൾ.

പൂവുകളുണ്ടാകും. സർക്കസ് സൈക്കിൾ പോലെ ലളിതമായിരിക്കും കിട്ടേട്ടന്റെ വാടക സൈക്കിളുകൾ. കാൽ സൈക്കിളുകൾ അധികവും ചുവന്ന നിറത്തിലും അര സൈക്കിളുകൾ നീല നിറത്തിലുമായിരിക്കും. ഒരു മണിക്കൂർ നേരത്തക്ക് ഒന്നര രൂപയായിരുന്നു വാടക. ഒരു മണിക്കൂർ കൊണ്ട് എല്ലാ വഴികളും തെണ്ടി വരണമെന്ന് കൊതിച്ചു പോകും. പരിശീലനകാലത്ത് വെയിലിൽ പിഴച്ചു വീണ് കുട്ടികളുടെ കാൽമുട്ടിലെങ്ങും മാറാത്ത മുറിവുകലകളുണ്ടാവും. ചെറുപ്പകാലത്ത് ഉടലിൽ വട്ടമിടുന്ന ഓർമ്മയുടെ അടയാളങ്ങളാണവ.

ആ കുട്ടികളൊക്കെ പല വണ്ടികളിലേക്ക് മാറിക്കയറി പുക പരത്തിക്കുതിച്ചു പോയി. കിട്ടേട്ടൻ ഇപ്പോഴും അവിടെത്തന്നെയിരുന്ന് ഓടി-വാടിയ ടയറുകൾ കാറ്റടിച്ച് തുടുപ്പിക്കുന്നു. മണിയാത്ത മണികൾ നേരെയാക്കുന്നു. റബറും വെയിലും ചേർന്നു മണക്കുന്ന മധ്യവേനലവധിക്കാലത്തിന്റെ കുട്ടിയോർമ്മകളുടെ ആൾ സൂചനയാണയാൾ.

### ടി. എസ് സൂപ്പിക്കയുടെ സൈക്കിൾ യജ്ഞങ്ങൾ

ടി. എസ് സൂപ്പിക്ക ഒരു സൈക്കിൾ യജ്ഞക്കാരനല്ല. എന്നാൽ നാട്ടുകാർക്ക് അങ്ങനെ തോന്നും. കാരണം സൈക്കിളില്ലാതെ അയാളെ കാണുക വളരെ പ്രയാസമാണ് ടി. എസിന്റെ സൈക്കിളിൽ കുട്ടികൾക്കിരിക്കാനായി ഒരു കുഞ്ഞുസീറ്റു

കൂടെയുണ്ട്.

പുഴങ്കാറ്റിന്റെ ലാഘവത്തോടെ രാത്രിയും പകലും അയാൾ അതിന്റെ പുറത്തുണ്ടാകും. മറവി കൂടിയ ഒരു മനുഷ്യനാണയാൾ. പലപ്പോഴും സൈക്കിൾ ചവിട്ടുന്നതിനു പകരം ഉന്തിക്കൊണ്ട് നടക്കുന്നത് കാണാം. അങ്ങനെയുള്ള സമയത്ത് സൈക്കിൾ അയാൾക്കൊപ്പം വർത്തമാനം പറഞ്ഞ് നടക്കുന്ന മറ്റൊരു മനുഷ്യനാണെന്ന് തോന്നും. ചിലപ്പോൾ വഴിവക്കിൽ സ്റ്റാന്റിൽ കയറ്റിവെച്ച സൈക്കിളിൽ തന്നെയിരുന്ന് ടി. എസ് ഉറങ്ങുന്നതും കാണാം.

പഴക്കമുള്ള ഹോമിയോ ഡോക്ടറായ ചെക്കായി ഡോക്ടറുടെ ചെറിയ ക്ലിനിക്കിനു മുമ്പിൽ കുട്ടിസീറ്റുള്ള മറ്റൊരു സൈക്കിൾ ശാന്തമായി ചാരിവെച്ചിരിക്കുന്നു. എപ്പോഴും മാന്യമായി ചിരിക്കുന്ന ചെക്കായി ഡോക്ടർ സൈക്കിളിലേറി പുഴറോഡിലൂടെ കുട്ടിയെയും മുമ്പിലിരുത്തി വരുന്നത് കാണുമ്പോൾ പനിഞ്ഞെരമ്പിലേക്ക് നേർത്തു ചെല്ലുന്ന സൂചിയുടെ സൗമ്യതയാണ് അനുഭവപ്പെടുക. ചാരിവെച്ചിരിക്കുന്ന ആ സൈക്കിളിനും ജീവനുള്ള എന്തോ ഒന്നിനെപ്പോലെ സൗഹൃദത്തിന്റെ ഒരു ഭാവമാണ്.

**മണി മുഴങ്ങുന്ന വേനൽ മൈതാനങ്ങൾ**

ഓർമ്മയുടെ സൈക്കിളുകൾ കൊയ്ത്ത് കഴിഞ്ഞ വയലിലെ കറ്റക്കുറ്റികളെ വെട്ടിച്ച് വെട്ടിച്ച് നീന്തുന്നു. എൽ.പി സ്കൂളിന്റെ മൈതാനത്തെ ഒറ്റയൊറ്റയായി നിൽക്കുന്ന കുറ്റിത്തെങ്ങുകളെ ചുറ്റി വന്ന്, കല്ലുതട്ടി വീണ്, മുട്ടുമുറിഞ്ഞ്, പിന്നെയും പിടിച്ചെഴുന്നേറ്റ്, തിരിഞ്ഞുപോയ ഹാന്റിൽ ബാറുകൾ (മുമ്പിലെ പിടുത്തം) നേരെയാക്കി പഠിച്ച് പഠിച്ച് പഞ്ചായത്ത് റോഡിലിറങ്ങുന്നു. വിയർത്തൊലിച്ച് കയറ്റങ്ങൾ ഉന്തിക്കയറ്റുന്നു. പെഡലിൽ കാലുകൾ വെറുതെ വെച്ച് ചവിട്ടാതെ ഉച്ചക്കാറ്റുപോലെ തിരിച്ചിറങ്ങുന്നു. ഓടുന്ന ഓട്ടത്തിൽ ചാടിക്കയറാൻ പഠിക്കുന്നു. പിന്നെ ചങ്ങാതിയെയോ, അനിയനെയോ ഡബിളെടുത്തുള്ള പോക്കാണ് (തണ്ടിലോ, പിറകിലെ കാരിയറിലോ മറ്റൊരാളെക്കൂടി കയറ്റിക്കൊണ്ടു പോകുന്നതിന് സൈക്കിൾഭാഷയിൽ ഡബിളെടുക്കുക എന്ന് അറിയപ്പെടുന്നു.)

**രാത്രി സൈക്കിളുകൾ**

നിലാവുള്ള മൈതാനങ്ങളിൽ സൈക്കിൾ ചവിട്ടിപ്പഠിക്കുന്നത് മറ്റുപല രസങ്ങളും പോലെ മോശമല്ലാത്ത രസമാണ്. നിലാവിൽ തന്നെയായിരിക്കും സൈക്കിൾ പഠിക്കാൻ ഏറ്റവും രസം!

സ്വപ്നങ്ങളിൽ സ്ഥിരമായിക്കാണാറുള്ള പുഴയ്ക്ക് സമാന്തരമായി നീണ്ടു പോകുന്ന നിരത്തിലൂടെ ലളിതമായ ഡൈനാമോ പിടിപ്പിച്ച് വെളിച്ചമിട്ട സൈക്കിളിൽ മഞ്ഞു നക്ഷത്രങ്ങൾക്കു താഴെ ഇരുളിന്റെ കയത്തിലേക്ക് ചെറുപ്പകാലം മണികിലുക്കി മറഞ്ഞു പോകുന്നു. ●

**സ്വപ്നങ്ങളിൽ**

**സ്ഥിരമായിക്കാണാറുള്ള**

**പുഴയ്ക്ക് സമാന്തരമായി**

**നീണ്ടു പോകുന്ന**

**നിരത്തിലൂടെ ലളിതമായ**

**ഡൈനാമോ പിടിപ്പിച്ച്**

**വെളിച്ചമിട്ട സൈക്കിളിൽ**

**മഞ്ഞു നക്ഷത്രങ്ങൾക്കു**

**താഴെ ഇരുളിന്റെ**

**കയത്തിലേക്ക്**

**ചെറുപ്പകാലം**

**മണികിലുക്കി**

**മറഞ്ഞു പോകുന്നു.**

